**കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം**

**(ഹാജർ - കെ.വാസുകി.ഐ.എ.എസ്)**

വിഷയം:- കാർഷിക വികസന കർഷകക്ഷേമ വകുപ്പ് - കോവിഡ് - 19 - നിയന്ത്രണ നടപടികൾ - 18/05/2020 മുതൽ 31/05/2020 വരെയുള്ള ഓഫീസുകളുടെ പ്രവർത്തനം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്

പരാമർശം:- 18/05/2020-ലെ സ.ഉ.(കൈ)നം.99/2020/പൊ.ഭ.വ നമ്പർ സർക്കാർ ഉത്തരവ്

**ഉത്തരവ് നം. ഒ&എം.(2)-7758/2020 തീയതി 19/05/2020**

കോവിഡ് - 19 രോഗം നിയന്ത്രിക്കുന്നതിന്റെയും പ്രതിരോധിക്കുന്നതിന്റെയും ഭാഗമായി രാജ്യത്താകമാനം LOCK DOWN കാലാവധി 2020 മെയ് 31 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. ലോക്ഡൗണുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് 2020 മെയ് 18 മുതൽ 31 വരെ നടപ്പാക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശിത ഉത്തരവ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനനുസൃതമായി കൃഷി വകുപ്പിന്റെ ഓഫീസുകളുടെ പ്രവർത്തനം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(I) പരാമർശിത ഉത്തരവിലെ 3 (ii)-ലെ (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) നിർദ്ദേശപ്രകാരം പൊതുജന സേവനം യാതൊരു വിധത്തിലും തടസ്സപ്പെടാത്ത രീതിയിൽ ജീവനക്കാരുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തി കൃഷി വകുപ്പിന്റെ കീഴിലുള്ള ഓഫീസുകൾ പ്രവർത്തിക്കേണ്ടതാണ്.

(ii) ജീവനക്കാരുടെ അഭാവത്തിൽ പൊതുജന സേവനം തടസ്സപ്പെടുകയോ, വൈകുകയോ ചെയ്താലുണ്ടാകുന്ന വീഴ്ചക്ക് ഓഫീസ് മേധാവി കൂടി ഉത്തരവാദിയായിരിക്കും.

(iii)ലോക്ഡൗൺ കാലയളവിൽ ഓഫീസിൽ ഹാജരാകാത്ത ജീവനക്കാരുടെ വിവരങ്ങൾ (ജില്ലയിലും അന്യ ജില്ലകളിലും താമസിക്കുന്നവരുടെ വിവരങ്ങൾ തരംതിരിച്ച്) പ്രത്യേകം സൂക്ഷിക്കേണ്ടതും ആയതിന്റെ പകർപ്പ് ഡയറക്ടറേറ്റിൽ അടിയന്തിരമായി ലഭ്യമാക്കേണ്ടതുമാണ്.

(iv) ലോക്ഡൗൺ പ്രഖ്യാപിച്ചതിനുശേഷം അന്യജില്ലകളിൽ കുടുങ്ങി ജോലിക്ക് ഹാജരാകാൻ കഴിയാത്ത ജീവനക്കാർ ആ വിവരം അവരവരുടെ ഓഫീസ് മേധാവിയേയും ജില്ലയിലെ പ്രിൻസിപ്പൽ കൃഷി ഓഫീസറെയും

ഡയറക്ടറേറ്റിനെയും ഇ-മെയിൽ മുഖാന്തിരം അറിയിക്കേണ്ടതാണ്. പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ ഈ ലിസ്റ്റ് ജില്ലാ കളക്ടർമാർക്ക് കൈമാറേണ്ടതാണ്.

(v) ഇപ്രകാരമുള്ള ജീവനക്കാർ അവരവരുടെ ഓഫീസുകളിൽ 20/05/2020 മുതൽ ഹാജരാകേണ്ടതാണ് . ഇപ്രകാരം ഹാജരാകാൻ കഴിയാത്തവർ എത്രയും പെട്ടെന്ന് അതാത് ജില്ലാ കളക്ടർ മുമ്പാകെ റിപ്പോർട്ട് ചെയ്യേണ്ടതും ആ വിവരം അതാത് ഓഫീസ് മേധാവികളെ അറിയിക്കേണ്ടതുമാണ്.

(vi) കൃഷി ഡയറക്ടറേറ്റിൽ ഹാജരാകേണ്ട ജീവനക്കാരുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

s/d
**ഡയറക്ടർ**
**കാർഷിക വികസന കർഷകക്ഷേമ വകുപ്പ്**

To

1. ഡയറക്ടറേറ്റിലെ എല്ലാ സെക്ഷനുകൾക്കും ജീവനക്കാർക്കും
2. എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും, കൃഷി ഡയറക്ടറുടെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള ഓഫീസ് തലവൻമാർക്കും
3. ഡയറക്ടറുടെ സി.എ. ക്ക്
4. കരുതൽ ഫയൽ / അധികം

**SENIOR ADMINISTRATIVE OFFICER**
**Directorate of Agriculture**
**Vikas Bhavan, Thiruvananthapuram-33**